# 10-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ മുമ്പാകെ, കേരള ഹെൽത്ത് സർവ്വീസസ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ

## ആമുഖം

സംസ്ഥാന ആരോഗ്യ വകുപ്പിൽ ക്ലാർക്ക് മുതൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് വരെയുള്ള 2600 ഓളം മിനിസ്റ്റീരിയൽ ജീവനക്കാരാണ് നിലവിലുള്ളത്. സർവ്വീസ് മേഖലയിലെ ഈ വകുപ്പിൽ 1961 ൽ നടപ്പാക്കിയ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാർ മാത്രമാണുള്ളത്. നിരവധി പുതിയ പുതിയ പ്രോജക്ടുകളും വികസന പദ്ധതികളും ദേശീയ പരിപാടികളും ഈ വകുപ്പിൽ ആവിഷ്ക്കരിച്ചപ്പോഴെല്ലാം ഇതരവിഭാഗം ജീവനക്കാരുടെ തസ്തികകളിലും എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും മിനിസ്റ്റീരിയൽ ജീവനക്കാരുടെ തസ്തികകൾ ആനുപാതികമായ സൃഷ്ടിക്കപ്പെട്ടില്ല. തന്മൂലം നിലവിലുള്ള ജീവനക്കാരുടെ ജോലി ഭാരം പലമടങ്ങ് വർദ്ധിക്കുകയാണുണ്ടായത്. മിനിസ്റ്റീരിയൽ ജീവനക്കാർ ആരോഗ്യവകുപ്പിൽ ഏറ്റവും അവഗണിക്കപ്പെടുന്ന ഒരു വിഭാഗമായി മാറിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ വ്യക്തമാക്കട്ടെ.

1. 1980 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 161/80/എച്ച്.ഡി.തീ 26.6.1980 പ്രകാരം 100 കിടക്കകൾ ഉള്ള ആശുപത്രികളിൽ ലേ സെക്രട്ടറി തസ്തിക അനുവദിക്കേണ്ടതാണ്. ഇത് കൃത്യമായി പാലിച്ചിട്ടില്ല.

2. 1983 ലെ ശമ്പള പരിഷ്ക്കരണ ഉത്തരവ് ജി.ഒ(പി) 515/85 ഫിൻ തീയതി 16-9-85 പ്രകാരം 3 ക്ലാർക്കിന് ഒരു ഹെഡ് ക്ലാർക്ക്, 6 ക്ലാർക്കിന് ഒരു ജൂനിയർ സൂപ്രണ്ട് എന്ന അനുപാതമനുസരിച്ച് ലഭിക്കേണ്ട തസ്തികകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

3. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് 1999 ൽ നടത്തിയ വർക്ക് സ്റ്റഡിയുടെ റിപ്പോർട്ട് പ്രകാരം ആരോഗ്യവകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായിരുന്നു. എന്നാൽ ഈ റിപ്പോർട്ട് നാളിതുവരെ നടപ്പാക്കിയിട്ടില്ല.

4. 200 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിൽ ജോലിഭാരം കണക്കിലെടുത്ത് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ശമ്പള സ്കെയിലിൽ ഒരു അഡീഷണൽ ലേ സെക്രട്ടറി തസ്തിക അനുവദിക്കണമെന്ന് 9-ാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്യുകയും ജി.ഒ.(പി) 145/2011/ഫിൻ തീ. 26.2.11 എന്ന ഉത്തരവിലൂടെ അംഗീകരിക്കുകയും ചെയ്തത് നടപ്പാക്കിയിട്ടില്ല.

5. ഒരു സ്ഥാപനത്തിന് ഒരു ക്ലാർക്കെങ്കിലും വേണമെന്ന സമാന്യ മാനദണ്ഡം പോലും നടപ്പാക്കാത്തതിനാൽ സംസ്ഥാനത്ത് 37 സ്ഥാപനങ്ങളിൽ ക്ലാർക്ക് തസ്തികയില്ല. ഇത് അനുവദിക്കണമെന്ന ആവശ്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്.

**പ്രമോഷൻ ഒരു മരീചിക**

ആരോഗ്യവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർ പ്രമോഷൻകാര്യത്തിൽ ഏറ്റവും നിർഭാഗ്യവാന്മാരാണ്. 24-25 വർഷം ക്ലാർക്കും സീനിയർ ക്ലാർക്കുമായി ജോലി ചെയ്താൽ മാത്രമേ ഹെഡ് ക്ലാർക്കാകുന്നുള്ളൂ. പിന്നീട് ജൂനിയർ സൂപ്രണ്ട് തസ്തികയും കടന്ന് 28-29 വർഷമാകുമ്പോൾ മാത്രമേ ഒരു ഗസറ്റഡ് തസ്തികയിലെത്തൂ. ഭൂരിഭാഗംപേരും ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികയിൽ വച്ച് തന്നെ സർവ്വീസിൽ നിന്ന് വിരമിക്കുന്ന അവസ്ഥയാണുള്ളത്. ഒരേ പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമിക്കപ്പെടുന്നവരിൽ ആരോഗ്യവകുപ്പിലെ അവസ്ഥ ഇതായിരിക്കെ മറ്റ് വകുപ്പുകളിൽ നിയമിക്കപ്പെടുന്നവർ 15-16 വർഷങ്ങൾ കഴിയുമ്പോൾ ഗസറ്റഡ് തസ്തികയിലെത്തുകയും പ്രസ്തുത വകുപ്പിലെ പ്രധാനപ്പെട്ട ഉയർന്ന തസ്തികയിൽ നിന്ന് വിരമിക്കുകയും ചെയ്യും. ഈ അനീതിയും അസമത്വവും ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തട്ടെ.

ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് ആരോഗ്യവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സജീവ ചർച്ചയ്ക്കും അനുഭാവ പൂർണ്ണമായ പരിഗണനകൾക്കുമായി സമർപ്പിക്കുന്നു.

1. **9-ാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്തതും സർക്കാർ അംഗീകരിച്ചതുമായ നിർദ്ദേശം നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക.**

   9-ാം ശമ്പള കമ്മീഷൻ ശുപാർശ ചെയതതും സർക്കാർ അംഗീകരിച്ചതുമായ നിർദ്ദേശം ഉത്തരവായി നടപ്പാക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുക.

ഉദാ : 200 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിൽ ജോലി ഭാരം കണക്കിലെടുത്ത് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ശമ്പള സ്കെയിലിൽ ഒരു അഡീഷണൽ ലേ സെക്രട്ടറി തസ്തിക സൃഷ്ടിക്കണമെന്ന് ശുപാർശ ചെയ്യുകയും സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. സർക്കാർ ഉത്തരവിന്റെ പ്രശസ്ത ഭാഗം സമർപ്പിക്കുന്നു. ഇതുപ്രകാരം സംസ്ഥാനത്ത് 47 ആശുപത്രികളിൽ ടി തസ്തികകൾ അനുവദിക്കേണ്ടതുണ്ട്. എന്നാൽ 3 തസ്തികകൾ മാത്രമാണ് അനുവദിച്ചത്. അതായത് 44 തസ്തികകൾ കൂടി ഇതുപ്രകാരം ഇനി അനുവദിക്കണം. ഇക്കാര്യ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

2. **എല്ലാ താലൂക്ക് ആശുപത്രികളിലും ലേ സെക്രട്ടറി തസ്തിക അനുവദിക്കുക.**

   താലൂക്ക് ആശുപത്രികളിൽ സൂപ്രണ്ട് ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ സേവനം രോഗികൾക്ക് ലഭ്യമാക്കുന്നതിനും ഭരണപരമായ കാര്യങ്ങളിൽ സൂപ്രണ്ടിനെ സഹായിക്കുന്നതിനും ജീവനക്കാരുടെ എസ്റ്റാബ്ലീഷ്മെന്റ്, സ്ഥാപനത്തിന്റെ കണക്കുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് ഡ്രോയിംഗ് & ഡിസ്ബർസിംഗ് ഓഫീസർ ആയി ലേ സെക്രട്ടറി തസ്തിക അത്യാവശ്യമാണ്. ആയതിനാൽ എല്ലാ താലൂക്ക് ആശുപത്രികളിലും ലേ സെക്രട്ടറി തസ്തിക ഉറപ്പുവരുത്തുക. ഇതുമൂലം ഡോക്ടർമാരുടെ സേവനം പൂർണ്ണമായും രോഗികൾക്ക് ലഭ്യമാകുകകയും ഒരു റഫറൽ സംവിധാനം എന്ന നിലയിൽ താലൂക്ക് ആശുപത്രികൾക്ക് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കുവാനും സാധിക്കും. ആധുനിക ചികിത്സാ സംവിധാനങ്ങളും സൗക

ര്യങ്ങളും വിവിധ കേന്ദ്രപദ്ധതികളും താലൂക്ക് ആശുപത്രിയിൽ സജീകരിക്കുന്നതിന് ഭരണപരമായ പിൻതുണ സൂപ്രണ്ടിന് ലഭിക്കണം. ഇതിന് ലേ സെക്രട്ടറി തസ്തിക അത്യാവശ്യമാണ്.

3. **കോർപ്പറേഷനുകളുള്ള ജില്ലകളിലെ അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റുമാരുടെ തസ്തിക സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റ് ആയി ഉയർത്തുക.**

സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കൊല്ലം, തൃശൂർ എന്നിങ്ങനെ 5 സിറ്റി കോർപ്പറേഷനുകളാണുള്ളത്. ഇവയുടെ ജില്ലകളിലെ ജില്ലാ മെഡിക്കൽ ആഫീസുകളിലെ ഡി.എം.ഒ. മാരുടെ തസ്തിക Dy. DHS ആയിരുന്നത് Addl. DHS ആക്കി ഉയർത്തുകയുണ്ടായി. ആ മാനദണ്ഡമനുസരിച്ച് ഈ ആഫീസുകളിലെ AA മാരുടെ തസ്തികകൾ Sr. AA ആയി ഉയർത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് സാമാന്യ നീതിയുമാണ്. കേവലം 5 പേർക്ക് 2 ഇൻക്രിമെന്റിന്റെ ആനുകൂല്യം മാത്രമേ ഇക്കാര്യത്തിൽ (പരമാവധി 10000 രൂപ ഒരു വർഷം) നൽകേണ്ടതുള്ളൂ.

4. **സി.എച്ച്.സി. കളിൽ ജൂനിയർ ലേ സെക്രട്ടറി തസ്തിക അനുവദിക്കുക.**

സംസ്ഥാനത്ത് ആരോഗ്യവകുപ്പിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ബ്ലോക്ക് തലത്തിലുള്ള സമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളും പി.എച്ച്.സി.കളുമാണ്. ബ്ലോക്ക് അതിർത്തിയിൽ ഇവയ്ക്ക് കീഴിൽ നാലോ അഞ്ചോ മിനി പി.എച്ച്. സി.കളുമുണ്ട്. അതേസമയം ചികിത്സാ രംഗത്ത് താലൂക്ക് ആശുപത്രികളും ജില്ലാ ആശുപത്രികളും ജനറൽ ആശുപത്രികളുമാണ് ഉള്ളത്. രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പകർച്ച വ്യാധി നിയന്ത്രണങ്ങൾ എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതോടൊപ്പം ബ്ലോക്ക്തല ഭരണ സംവിധാനവും ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ബ്ലോക്ക് പി.എച്ച്.സി./സി.എച്ച്.സി.യുടെ കീഴിലുള്ള മിനി പി.എച്ച്.സി.കളിൽ ഓരോ ക്ലാർക്ക്മാർ മാത്രമാണ് ഉള്ളത്. ഇവർ സർവ്വീസിൽ ഏറ്റവും ജൂനിയർമാരുമാണ്. ബ്ലോക്ക്തല സി.എച്ച്.സി./പി.എച്ച്.സി. മെഡിക്കൽ ആഫീസർക്ക് ബ്ലോക്ക് അതിർത്തിയിൽ സാങ്കേതിക നിയന്ത്രണമുണ്ട് (ടെക്നിക്കൽ കൺട്രോൾ). അതുപോലെ ഫീൽഡ് വിഭാഗം ജിവനക്കാരെ ബ്ലോക്ക് അതിർത്തിയിൽ നിയന്ത്രിക്കുവാനും സൂപ്പർവൈസ് ചെയ്യുവാനും ഹെൽത്ത് സൂപ്പർവൈസറും പി.എച്ച്.എൻ. സൂപ്പർവൈസറുമുണ്ട്. ഇതുപോലെ ബ്ലോക്ക് അതിർത്തിയിലുള്ള എല്ലാ മിനിസ്റ്റീരിയൽ ജീവനക്കാരേയും സൂപ്പർവൈസ് ചെയ്യാനും ആഴ്ചയിലൊരിക്കൽ നിശ്ചിത തീയതികളിൽ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ബ്ലോക്ക്തല സി.എച്ച്.സി./ പി.എച്ച്.സിയിൽ Drawing & Disbursing Officer ആയി Junior Lay Secretary ഉണ്ടാകുന്നത് വളരെ പ്രയോജനകരമായിരിക്കും. ആയതിനാൽ എല്ലാ ബ്ലോക്ക്തല സി.എച്ച്. സി./പി.എച്ച്.സി. കളിലും ജൂനിയർ സൂപ്രണ്ട് കേഡറിൽ (Non gazetted) ഓരോ ജൂനിയർ ലേ സെക്രട്ടറി തസ്തിക അനുവദിക്കണം. ആരോഗ്യ വകുപ്പിന്റെ ബ്ലോക്ക്തല ഭരണസംവിധാനം കാര്യക്ഷമമാക്കുവാൻ ബ്ലോക്ക് മെഡിക്കൽ ഓഫീസർക്ക് ഇത് വളരെ സഹായകരമാവുമെന്നതിൽ സംശയമില്ല.

5. **എല്ലാ താലൂക്ക് ആശുപത്രികളിലും മെഡിക്കൽ റെക്കോർഡ് സെക്ഷൻ - തസ്തിക അനുവദിക്കുക.**

വിവരാവകാശവും സേവന അവകാശിനിയമവും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും മെഡിക്കൽ റെക്കോർഡുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും എല്ലാ താലൂക്ക് ആശുപത്രികളിലും ഓരോ ജൂനിയർ സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ പ്രത്യേകം മെഡിക്കൽ റെക്കാർഡ് സെക്ഷൻ അനുവദിക്കുക.

6. **ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടിന്റേതാക്കി ഉയർത്തുക. ജൂനിയർ സൂപ്രണ്ട് തസ്തിക സീനിയർ സൂപ്രണ്ടിന്റേതാക്കി ഉയർത്തുക.**

1983 ലെ ശമ്പള പരിഷ്ക്കരണ ഉത്തരവു പ്രകാരം 3 ക്ലാർക്കുള്ള സ്ഥാപനങ്ങളിൽ ഹെഡ് ക്ലാർക്ക് തസ്തിക സൃഷ്ടിച്ചു. എന്നാൽ സംസ്ഥാനത്ത് പലവകുപ്പുകളിലും ഈ തസ്തിക ജൂനിയർ സൂപ്രണ്ടിന്റേതാക്കി ഉയർത്തുകയുണ്ടായി. ഇക്കാര്യത്തിൽ പൊതുവായ ഒരു നിലപാട് സ്വീകരിക്കണമെന്നും എല്ലാ വകുപ്പുകളിലെയും ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടിന്റേതാക്കി ഉയർത്തണമെന്നും അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ സർക്കാരിന് യാതൊരു അധിക സമ്പത്തിക ബാദ്ധ്യതയും ഉണ്ടാകുന്നില്ല. കാരണം 24 വർഷത്തിനുശേഷം മാത്രമാണ് (അതായത് 22 വർഷത്തെ ജൂനിയർ സൂപ്രണ്ടിന്റെ ഗ്രേഡ് വാങ്ങിയതിനുശേഷം) ആരോഗ്യ വകുപ്പിൽ ഒരാൾ ഹെഡ് ക്ലാർക്ക് ആകുന്നത്. അതുപോലെ 1983 ലെ ശമ്പള പരിഷ്ക്കരണ ഉത്തരവനുസരിച്ച് 6 ക്ലാർക്കുമാരുള്ള സ്ഥാപനത്തിൽ ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിച്ചിരുന്നു. 30 വർഷങ്ങൾ കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. ആയതിനാൽ നിലവിലുള്ള എല്ലാ ജൂനിയർ സൂപ്രണ്ട് തസ്തികളും സീനിയർ സൂപ്രണ്ടിന്റേതാക്കി ഉയർത്തുവാൻ അഭ്യർത്ഥിക്കുന്നു. സെക്രട്ടേറിയേറ്റ് സർവ്സിൽ ഒന്നാം ഘട്ട സൂപ്രർ വൈസറി തസ്തിക തന്നെ ഗസററ്റഡ് ആണ്. എന്നാൽ കഴിഞ്ഞ 6 പതിറ്റാണ്ടായി സംസ്ഥാന സർവ്വീസിൽ രണ്ടാം ഘട്ട സൂപ്പർവൈസർ പോലും നോൺ ഗസററ്റഡ് ആയി തുടരുന്നു. ഈ അപാകത പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

7. **ക്ലാർക്ക് - സീനിയർ ക്ലാർക്ക് അനുപാതം പുന:ക്രമീകരിക്കുക.**

1985 മുതൽ ക്ലാർക്ക് - സീനിയർ ക്ലാർക്ക് (എൽ.ഡി.-യു.ഡി.) അനുപാതം 1:1 എന്ന രീതിയിൽ പിന്തുടരുകയാണ്. ഇത് പുന: പരിശോധിക്കുകയും & സെലക്ഷൻ ഗ്രേഡ് ക്ലാർക്ക് എന്ന പുതിയ കേഡർ സൃഷ്ടിച്ച് 1:1:1 എന്ന ക്രമത്തിൽ ക്ലാർക്ക് - സീനിയർ ക്ലാർക്ക് - സെലക്ഷൻ ഗ്രേഡ് ക്ലാർക്ക് (നിലവിലുള്ള ഹെഡ് ക്ലാർക്കിന്റെ സ്കെയിലിൽ) അനുപാതം അനുവദിക്കുക.

8. **സമയബന്ധിത ഹയർ ഗ്രേഡുകൾ പരിഷ്ക്കരിക്കുക.**

നിലവിൽ സമയബന്ധിത ഹയർ ഗ്രേഡുകൾ 8-15-22-27 വർഷം സർവ്വീസ് പൂർത്തിയാക്കുമ്പോൾ അനുവദിക്കുന്നത് പരിഷ്ക്കരിക്കുകയും യഥാക്രമം 6-12-18-25 വർഷങ്ങൾ എന്നാക്കുകയും എൻട്രി കേഡറിൽ എൻ.ജി.ഒ. ആയി സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാവർക്കും 25 വർഷ സർവ്വീസിന് 4-ാമത്തെ ഹയർ ഗ്രേഡും, 30 വർഷത്തെ സർവ്വീസിന് 5-ാമത്തെ ഹയർ ഗ്രേഡും അനുവദിക്കുകയും ചെയ്യുക.

**9. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഉയർത്തുക**

ക്ലാർക്ക് തസ്തികയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഡിഗ്രി ആക്കുന്നതിന് നിർദ്ദേശിക്കുക. ഇപ്രകാരം സർക്കാർ സർവ്വീസിന്റെ കാര്യക്ഷമതയും ഗുണനിലവാരവും ഉറപ്പുവരുത്തുക. സർക്കാർ സർവ്വീസിൽ ക്ലറിക്കൽ കേഡർ തുടങ്ങിയ സമയത്ത് നിശ്ചയിച്ച യോഗ്യതയാണ് എസ്.എസ്.എൽ.സി. എന്നുള്ളത്. അന്നത്തെ വിദ്യാഭ്യാസ നിലവാരം വളരെ ഉയർന്നതും ഗുണകരമായിരുന്നു. ഇന്ന് ക്ലാർക്ക് കൈകാര്യം ചെയ്യേണ്ട നിയമങ്ങളും, ചട്ടങ്ങളും, വിഷയങ്ങളും സങ്കീർണ്ണമാണ്. ക്ലാർക്കിന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഡിഗ്രിയാക്കുകയും സർക്കാർ സർവ്വീസിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**10. അധിക യോഗ്യതയ്ക്ക് ഇൻക്രിമെന്റ് അനുവദിക്കുക.**

നിലവിൽ എസ്.എസ്.എൽ.സി. അടിസ്ഥാന യോഗ്യതയാണ് ക്ലാർക്ക് തസ്തികയ്ക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഡിഗ്രിയും പി.ജി.യും അതിൽ കൂടുതലും യോഗ്യതകളുമുള്ള ജീവനക്കാർ ഇന്നുണ്ട്. ഇവർക്ക് പ്രോത്സാഹനം നൽകുന്നതിനും കാര്യക്ഷമതയും ഭരണ മികവും വർദ്ധിപ്പിക്കുന്നതിനുമായി അധിക യോഗ്യതയ്ക്ക് അതായത് ഡിഗ്രിക്കും പി.ജി.ക്കും പ്രത്യേകം പ്രത്യേകം അധിക ഇൻക്രിമെന്റ് അനുവദിക്കുവാൻ അഭ്യർത്ഥിക്കുന്നു.

**11. റേഷ്യോ പ്രമോഷൻ പരിഷ്ക്കരിക്കുക.**

പ്രമോഷൻ സാദ്ധ്യത കുറഞ്ഞ വകുപ്പാണ് ആരോഗ്യ വകുപ്പ്. അതിനാൽ 9-ാം ശമ്പള കമ്മീഷൻ അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റുമാർക്ക് നിശ്ചയിച്ച റേഷ്യോ പ്രമോഷൻ 25% ആയിരുന്നത് 50% വർദ്ധിപ്പിക്കണമെന്നും ഇത് ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് എന്നീ വിഭാഗങ്ങൾക്കുകൂടി ബാധകമാക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഉത്തരവിന്റെ പ്രസക്തഭാഗം സമർപ്പിക്കുന്നു.

**12. കുടുംബാസൂത്രണ ശസ്ത്രക്രിയ - അധിക ഇൻക്രിമെന്റ് നൽകുക.**

കേന്ദ്രസർക്കാർ ജീവനക്കാർക്ക് കുടുംബാസൂത്രണ ശസ്ത്രക്രിയക്ക് വിധേയരായാൽ (ഭാര്യ അല്ലെങ്കിൽ ഭർത്താവ്) ഒരു അധിക ഇൻക്രിമെന്റ് നൽകുന്നുണ്ട്. ഈ ആനുകൂല്യം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കൂടി ബാധകമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**13. റിസ്ക് അലവൻസ് അനുവദിക്കുക.**

പകർച്ച വ്യാധികളും, മാരക രോഗങ്ങളും എപ്പോൾ വേണമെങ്കിലും പിടിപെടാവുന്ന ആശുപത്രി അന്തരീക്ഷത്തിൽ പ്രത്യേകിച്ച് വായുവഴി പകരുന്ന അനവധി രോഗങ്ങൾ വരാൻ സാധ്യതയുള്ള ആശുപത്രികളിൽ ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ ജീവനക്കാർ ഉൾപ്പെടെ എല്ലാ ജീവനക്കാർക്കും അടിസ്ഥാന ശമ്പളത്തിന്റെ 2 മുതൽ 5 ശതമാനം വരെ റിസ്ക് അലവൻസ് അനുവദിക്കുക. 1983 മുതൽ വിവിധ ശമ്പള പരിഷ്ക്കരണ കമ്മീഷനുകൾ ഇക്കാര്യത്തിൽ അനുഭാവ പൂർണ്ണമായ സമീപനം സ്വീകരിക്കുകയും ശമ്പളത്തിന്റെ 10 ശതമാനം വരെ അന്ന് അനുവദിക്കുകയും ചെയ്തിരുന്നു.

**14. ഹയർഗ്രേഡ് വാങ്ങുന്ന ജീവനക്കാർക്ക് Non Cadre Promotion തസ്തിക അനുവദിക്കുക.**

പ്രമോഷൻ സാദ്ധ്യത കുറഞ്ഞവർക്ക് സമയബന്ധിത ഹയർഗ്രേഡ് നൽകുമ്പോൾ ഏത് തസ്തികയുടെ ശമ്പള സ്കെയിലിലേക്കാണോ ഗ്രേഡ് അനുവദിക്കുന്നത്. ആ തസ്തിക Non Cadre ആയി കണക്കാക്കി ഉപയോഗിക്കാൻ അനുവദിക്കുക. ഉദാ: ഗ്രേഡ് സീനിയർ ക്ലാർക്ക്, ഗ്രേഡ് ഹെഡ് ക്ലാർക്ക്, ഗ്രേഡ് ജെ.എസ്., ഗ്രേഡ് ലേ സെക്രട്ടറി മുതലായവ. സംസ്ഥാന പോലീസ് വകുപ്പിൽ ഇത്തരത്തിൽ അനുവദിച്ചിട്ടുണ്ട്. ഇത് എല്ലാ വകുപ്പുകൾക്കും അനുവദിക്കുക.

**15. ഹെൽത്ത് ഇൻഷ്വറൻസ് ആരംഭിക്കുക.**

ജീവനക്കാരിൽ നിന്നും നിശ്ചിത വിഹിതം ഈടാക്കി സമഗ്രമായ ഒരു ഹെൽത്ത് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുവാൻ അഭ്യർത്ഥിക്കുന്നു.

**16. മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഉദാരമാക്കുക.**

ആധുനിക കാലഘട്ടത്തിൽ ജീവിതശൈലി രോഗങ്ങൾക്ക് പുറമേ ഹാർട്ട് അറ്റാക്ക്, കിഡ്നി അസുഖം, ക്യാൻസർ എന്നിവ സർവ്വ സാധാരണമാകുന്നു. സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് അംഗീകരിച്ച സ്ഥാപനങ്ങളിൽ പ്രത്യേക റഫറൻസ് കൂടാതെ നേരിട്ട് ചികിത്സയ്ക്ക് പോകുന്നതിന് അനുമതി നൽകണമെന്നും ചിലവായ തുക റീ ഇംബേഴ്സ്മെന്റായി ലഭിക്കുന്നതിനും നടപടിയെടുക്കുക.

**17. പലിശ രഹിത മെഡിക്കൽ അഡ്വാൻസ് നടപടികൾ ലഘൂകരിക്കുക - സുതാര്യമാക്കുക.**

Interest Free Medical Assistance ന് നിലവിൽ വലിയ നിബന്ധനകളും കടമ്പകളും ഉണ്ട്. ഭൂരിഭാഗം കേസുകളിലും സമയത്ത് അഡ്വാൻസ് കിട്ടാറില്ല. പലപ്പോഴും സർജ്ജറി കഴിഞ്ഞ് മാത്രമേ തുക അനുവദിച്ച് ഉത്തരവാകുന്നുള്ളു. അതിനാൽ ഇത് ആവശ്യസമയത്ത് മാറ്റിയെടുക്കാനാവില്ല. ഈ പദ്ധതി സുതാര്യവും നടപടികൾ ലഘൂകരിക്കുന്നതിനും ശുപാർശ നൽകുക. രണ്ടു ലക്ഷം രൂപവരെ ജില്ലാതലത്തിൽ ഡി.എം.ഒ.യും രണ്ടു മുതൽ അഞ്ച് ലക്ഷം രൂപവരെ ഡി.എച്ച്.എസ്., അതിനു മുകളിൽ ഗവൺമെന്റ് എന്നിവരും പാസ്സാക്കുന്ന രീതി അവലംബിക്കുക.

**18. തസ്തികകൾ പുനർനാമകരണം ചെയ്യുക.**

സർക്കാർ സർവ്വീസിലെ മിനിസ്റ്റീരിയൽ സൂപ്പർ വൈസറി തസ്തികകൾ താഴെപ്പറയുന്ന പ്രകാരം പുനർനാമകരണം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

| | | |
|---|---|---|
| JS | - | Junior Administrative Officer |
| SS/LS | - | Deputy Administrative Officer |
| AA | - | Joint Administrative Officer |
| Sr. AA | - | Additional Administrative Officer |

**19. പി.എച്ച്.സി. കളിലെ ഓഫീസ് സമയം ക്രമീകരിക്കുക.**

പി.എച്ച്.സി. കളിൽ ഒ.പി. സമയം 9.00 മുതൽ 3.00 വരെയും മെഡിക്കൽ പാരാമെഡിക്കൽ, ഫീൽഡ് വിഭാഗം ജിവനക്കാർ എന്നിവരുടേത് 9–4 വരെയുമാണ്. ആയതിനാൽ ഓഫീസ് സമയവും 9–4 വരെയാക്കി പി.എച്ച്.സികളിൽ ക്രമീകരിക്കുവാൻ ഉത്തരവാക്കണം.

**20. 8-ാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്തിരുന്ന കോമൺ പൂൾ സമ്പ്രദായം നടപ്പിലാക്കുക.**

സംസ്ഥാന സർവ്വീസിൽ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രമോഷൻ അവസരങ്ങളിലുണ്ടാകുന്ന അസമത്വം വളരെ പ്രകടമാണ്. ഒരേ പി.എസ്സ്.സി വഴി വിവിധ വകുപ്പുകളിലേക്ക് നിയമനത്തിനായി ശുപാർശയിൽ റാങ്ക് ലിസ്റ്റിൽ കയറിയവർ നിയമനം മുതൽ സർവ്വീസിൽ വ്യത്യസ്ഥ രീതിയിലുള്ള ആനുകൂല്യങ്ങൾ ജൂനിയറാണെങ്കിലും കരസ്ഥമാക്കുന്നു. ഒരേ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമിക്കപ്പെടുന്നവരിൽ റവന്യൂ, ഇൻഷ്വറൻസ്, ലോട്ടറി, ഇൻഡസ്ട്രീസ്, സ്റ്റേഷനറി, വാണിജ്യ നികുതി, സഹകരണം തുടങ്ങിയ വകുപ്പുകളിൽ പ്രവേശിക്കുന്നവർ റാങ്ക് ലിസ്റ്റിൽ എത്ര ജൂനിയറാണെങ്കിലും ആരോഗ്യം, വിദ്യാഭ്യാസം, രജിസ്ട്രേഷൻ തുടങ്ങിയ വകുപ്പുകളിൽ പ്രവേശിക്കുന്ന സീനിയറേക്കാൾ മുമ്പ് പ്രമോഷൻ കരസ്ഥമാക്കുന്നു. 25 വർഷങ്ങൾ കഴിഞ്ഞ് ആദ്യ പ്രമോഷൻ തസ്തികയായ (നോൺ ഗസറ്റഡ്) ഹെഡ് ക്ലാർക്ക് മാത്രമാകുന്ന രീതിയാണ് ആരോഗ്യവകുപ്പിലെങ്കിൽ മുൻപ് പറഞ്ഞ വകുപ്പുകളിൽ 20 വർഷത്തെ സർവ്വീസ് കഴിഞ്ഞാൽ ഗസറ്റഡ് റാങ്കിൽ എത്തിച്ചേരുമെന്ന് ഉറപ്പാണ്. ഈ അനീതിയും വിവേചനവും അവസാനിപ്പിക്കുവാൻ പൊതുഭരണ വകുപ്പിന്റെ കീഴിൽ കോമൺ പൂൾ ആരംഭിക്കണമെന്നും പ്രമോഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ സീനിയോറിറ്റി അനുസരിച്ച് മാത്രം ലഭ്യമാകുന്ന സ്ഥിതി സംജാതമാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**21. പെൻഷൻ പ്രായം വർദ്ധിപ്പിക്കുക.**

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 ൽ നിന്ന് 60 ലേയ്ക്ക് ഉയർത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**22. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ശമ്പള സ്കെയിലിന്റെ ദൈർഘ്യം വർദ്ധിപ്പിക്കുക.**

സംസ്ഥാന സർവ്വീസിലെ താഴ്ന്ന ശമ്പളക്കാരായവർക്ക് ശമ്പള സ്കെയിലിന്റെ ദൈർഘ്യം കുറവായതിനാൽ 20 വർഷം സർവ്വീസുള്ളവർക്ക്പോലും സ്റ്റാഗ്നേഷൻ മൂലം പെൻഷൻ ആനുകൂല്യങ്ങളിൽ ഭീമമായ നഷ്ടം സംഭവിക്കുന്നു. ഇതിനു പരിഹാരമായി ശമ്പള സ്കെയിലിന്റെ ദൈർഘ്യം കൂട്ടുവാൻ അഭ്യർത്ഥിക്കുന്നു. 9-ാം ശമ്പള പരിഷ്ക്കരണത്തിൽ സംഭവിച്ച ഒരു അനോമലിയാണിത്.

**23. സ്റ്റാഗിനേഷ് ഇൻക്രിമെന്റ് നൽകുന്ന രീതി പുന:പരിശോധിക്കുക.**

സംസ്ഥാന സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകുന്ന സ്റ്റാഗിനേഷൻ ഇൻക്രിമെന്റ് രീതി പുനപരിശോധിക്കണം. നിലവിൽ നേരത്തെ വാങ്ങിയ ഇൻക്രിമെന്റ് തുക തന്നെയാണ് നൽകുന്നത്. അതിനാൽ പെൻഷനിൽ വലിയ നഷ്ടം സംഭവിക്കുന്നു. ശമ്പള സ്കെയിലിലെ അടുത്ത ഇൻക്രിമെന്റ് നിരക്കുതന്നെ അനുവദിക്കുവാൻ ശുപാർശ ചെയ്യണം.

**24. ആശുപത്രി അറ്റൻഡർ ഗ്രേഡ് 1, നേഴ്സിംഗ് അസിസ്റ്റന്റ് എന്നിവർക്ക് വ്യത്യസ്ഥ ശമ്പള സെകെയിലുകൾ നൽകുക.**

നിലവിൽ ആശുപത്രി അറ്റൻഡർ ഗ്രേഡ് 1, നേഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകൾക്ക് ഒരേ ശമ്പള സ്കെയിലാണ് അനുവദിച്ചിട്ടുള്ളത്. ജോലിയുടെ കാര്യത്തിൽ

വ്യത്യാസം ഉള്ളതുകൊണ്ടും പ്രമോഷന്റെ രീതി വ്യത്യസ്തമായതുകൊണ്ടും ശമ്പള സ്കെയിലുകൾ പ്രത്യേകം പ്രത്യേകം അനുവദിക്കേണ്ടതാണ്.

**25. എൽ.ടി.സി. ആനുകൂല്യം ഉദാരമാക്കണം.**

നിലവിൽ സർവ്വീൽ ഒരു പ്രാവശ്യമാണ് എൽ.ടി.സി.ക്ക് അർഹതയുള്ളത്. അതും പരമാവധി 6000 കിലോമീറ്റർ വരെ മാത്രം. മാത്രവുമല്ല ഭർത്താവും ഭാര്യയും സർക്കാർ സർവ്വീസിൽ ഉണ്ടെങ്കിൽ ഒരാൾക്കുമാത്രമാണ് ഈ ആനുകൂല്യം അനുവദിക്കുന്നത്. ഇത് തികച്ചും അനീതിയാണ്. ആയതിനാൽ എൽ.ടി.സി. താഴെപ്പറയുന്ന രീതിയിൽ ഉദാരമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. പരമാവധി യാത്ര ചെയ്യാവുന്ന ദൂരം 10000 കിലോമീറ്റർ ആക്കുക.
2. എൽ.ടി.സി. 15 വർഷ സർവ്വീസിൽ 1 എന്ന് നിജപ്പെടുത്തുക.
3. ഭർത്താവും ഭാര്യയും സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ 2 പേർക്കും എൽ.ടി.സി. അനുവദിക്കുകയോ അല്ലെങ്കിൽ സഞ്ചരിക്കാവുന്ന ദൂരം വർദ്ധിപ്പിക്കുകയോ ചെയ്യുക.
4. യാത്ര ചെയ്യാൻ ഏതുമാർഗ്ഗവും (കര, കടൽ, ആകാശം) ഉപയോഗിക്കുവാൻ അനുവദിക്കുക.

**26. ലാറ്ററൽ എൻട്രി - കൂടുതൽ അവസരങ്ങൾ നൽകുക.**

അധിക യോഗ്യതകൾ ഉള്ള അനവധി ഉദ്യോഗസ്ഥർ വിവിധ വകുപ്പുകളിലുണ്ട്. കേന്ദ്ര സർക്കാർ സർവ്വീസിലും പൊതുമേഖല, ബാങ്കിംഗ് മേഖലകളിലും അധികവിദ്യാഭ്യാസ യോഗ്യതകൾ ഉള്ളവർക്ക് അതാതു വകുപ്പുകളിൽ നിന്ന്, സെക്ഷനുകളിൽ നിന്ന് ഉയർന്ന തസ്തികകളിലേക്ക് ഉദ്യോഗ കയറ്റത്തിനും സ്ഥലം മാറ്റ നിയമനത്തിനും അവസരമുണ്ട് എന്നാൽ സംസ്ഥാന സർക്കാരിൽ ഇക്കാര്യത്തിൽ വലിയ പ്രതിബന്ധങ്ങളുണ്ട്. കൂടുതൽ ഉയർന്ന തസ്തികകളിലേക്ക് സർവ്വീസിൽ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികൾക്ക് അവസരങ്ങൾ ഉറപ്പുവരുത്തുവാൻ നിലവിലുള്ള ചട്ടങ്ങൾ ഉദാരമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആർ.എം. മുഹമ്മത് ഹുസൈർ
(പ്രസിഡന്റ്)

റെജി മാത്യു
(ജനറൽ സെക്രട്ടറി)